**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2532 17.08.2017 -ലെ മറുപടിക്ക്.

**R.S.B.Y ചിസ്സ് കാർഡ്**

ചോദ്യം

**ശ്രീ. ബി.ഡി. ദേവസ്സി:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

(തൊഴിലും എക്സൈസും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) R.S.B.Y ചിസ്സ് കാർഡ് ഉപയോഗിച്ച് ചികിത്സ നൽകിയിരുന്ന പല ആശുപത്രികളും ഇപ്പോൾ പ്രസ്തുത പദ്ധതിയിൽ നിന്ന് ഒഴിവായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) കൂടുതൽ സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികളെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനായി വർഷത്തിൽ വ്യത്യസ്ത ഇടവേളകളിൽ ജില്ലാതല ശില്പശാലകൾ സംഘടിപ്പിക്കുകയും പരമാവധി സ്വകാര്യ/ സഹകരണ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തുവരുന്നു. |
| (സി) ഇപ്പോൾ പ്രസ്തുത പദ്ധതി പ്രകാരം ലഭിക്കുന്ന സൗജന്യ ചികിത്സയുടെ തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികളും ഇടപെടലുകളും സർക്കാർ സ്വീകരിക്കുമോ; | (സി) ആർ.എസ്.ബി.വൈ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ടി പദ്ധതിയുടെ മാനദണ്ഡങ്ങൾ എല്ലാം കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്നതാകയാൽ പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാർ തീരുമാനം എടുക്കുന്ന മുറക്ക് സംസ്ഥാനത്ത് നടപ്പിലാക്കാവുന്നതാണ്. |
| (ഡി) അർഹരായ മുഴുവൻ പേരെയും R.S.B.Y പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സർക്കാർ സ്വീകരിക്കുമോ? | (ഡി) വർഷംതോറും പുതിയ അംഗത്വ രജിസ്ട്രേഷൻ സ്വീകരിച്ച് കൂടുതൽ അംഗങ്ങളെ R.S.B.Y പദ്ധതിയുടെ ഭാഗമാക്കുന്നതിനായി ദൃശ്യ,ശ്രവ്യ, പത്ര മാധ്യമങ്ങൾ വഴി വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ ചിയാകിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. 2017-18 സാമ്പത്തിക വർഷം പുതുതായി 2.29 ലക്ഷം കുടുംബങ്ങൾ ടി പദ്ധതിയിൽ ഗുണഭോക്താക്കളായി. 2017-18 -ൽ ആകെ 34.83 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ ഗുണഭോക്താക്കളാണ്. ഇതു കേരളത്തിലെ ആർ.എസ്.ബി.വൈ/ചിസ് പദ്ധതിയുടെ ചരിത്രത്തിൽ സർവകാല റിക്കോർഡ് ആണ്. |

സെക്ഷൻ ഓഫീസർ